<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 456</u> <u>30-01-2024 - ൽ മറുപടിയ്ക്ക്</u>

<u>സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ഡി എ കുടിശ്ശിക</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ എത്ര ശതമാനം ഡി എ യാണ് നൽകുന്നത്; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ 7 ശതമാനം ക്ഷാമബത്ത / ക്ഷാമാശ്വാസം ആണ് നൽകുന്നത്. (ഇത് 2024 ഏപ്രിൽ മാസം മുതൽ 9 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്). |
| (ബി) | കേന്ദ്രസർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതും എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ആയതിന് ആനുപാതികമായി നൽകാത്തതുമായ ഡി എ കുടിശികയുടെ ശതമാന കണക്ക് വ്യക്തമാക്കാമോ; | (ബി) | **സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 01.07.2021 മുതലുള്ള ക്ഷാമബത്ത കണക്കാക്കിയിട്ടില്ല.** |
| (സി) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള ഡി എ കുടിശിക എന്നത്തേയ്ക്ക് നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | (സി) | **സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാർ യഥാസമയം പരിശോധിക്കുന്നതാണ്.** |
| (ഡി) | ഡി എ കുടിശിക നൽകാത്തതുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ സംസ്ഥാനത്തെ ഏതെങ്കിലും കോടതിയിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | **ഡി.എ കുടിശിക നൽകാത്തതുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 6 കേസുകളും ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ 3 കേസുകളും നിലവിലുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**ശ്രീ. ഗോപാലപിള്ള ഫയൽ ചെയ്ത WP(C) No.19612/2021**<br><br>**സ്റ്റേറ്റ് ജൂഡീഷ്യൽ ഓഫീസേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത WP(C) No.24004/2022**<br><br>**ഡോ. ഷിബിനു എസ്. ഉം മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 2473/2023**<br><br>**കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത WP(C) No. 27618/2023** |

| | | | |
|---|---|---|---|
| | | | **ശ്രീ. അനൂപ് ശങ്കരപിള്ളയും മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 33705/2023**<br><br>**കേരള റിട്ടയേർഡ് ജഡ്ജസ് അസോസിയേഷനും മറ്റൊരാളും ഫയൽ ചെയ്ത WP(C) No. 42971/2023**<br><br>**ശ്രീ. അബ്ദുൾ ജലീൽ പി. യും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No. 1123/2023**<br><br>**ശ്രീ. ചവറ ജയകുമാറും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No. 1140/2023**<br><br>**കേരള എൻ.ജി.ഒ. സംഘും മറ്റുള്ളവരും ഫയൽ ചെയ്ത OA(EKM) No. 1724/2023** |
| (ഇ) | കോടതിയിൽ പ്രസ്തുത കേസിൽ എന്ത് നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ഇ) | ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് കൊണ്ട് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ